ങ്ങടെ സമുദായത്തിൽപെട്ട മെമ്പർമാർ ധാരാളമുണ്ട്. അതുകൊണ്ട് ബ്രാഹ്മണർ, ഈഴവർ മുതലായ സമുദായക്കാരാണ് ഇതിൽ പ്രത്യേകം സൂക്ഷിക്കേണ്ടതെന്നു ഞാൻ ഇരിങ്ങാലക്കുട മെമ്പരോട് പറഞ്ഞുകൊള്ളുന്നു. നമ്മുടെ ആവശ്യത്തിനായി ഇവിടെ ഒരു ബില്ല് കൊണ്ടുവരുമ്പോഠം അതിനെ ക്രസ്ത്യാനികളും നായന്മാരും എതിക്കുകയാണെങ്കിൽ നമുക്കു യാതൊരു രക്ഷയുമില്ല. അതുകൊണ്ട് അവരുടെ നിയമനിർമ്മാണം അവർക്ക് വിട്ടുകൊടുത്ത് നമുക്കുള്ളതു തരണമെന്നു നാം അപേക്ഷിക്കുകയാണു വേണ്ടത്. ഈ ഭേദഗതിയുടെ തത്വം നല്ലതാണെങ്കിലും അതു ബില്ലിനു ദോഷം ചെയ്യുമെന്നുള്ളതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു.

The House rose for lunch at 1 p. m. and reassembled at 2-15 p. m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.

CONDOLENCE MOTION.

Re. the demise of Mr. C. Achyutha Menon.

Mr. T. S. Narayana Ayyar *(Secretary to Government).*— Sir, before we proceed to the rest of the business this afternoon I wish with your permission to move the following resolution:— "This House places on record its deep sense of sorrow at the demise of Mr. C. Achyutha Menon, for some time a member of this Council and for long one of the most distinguished public servants of this State, and conveys its respectful condolences to the members of the bereaved family". Not many words are required from me to commend this resolution for the acceptance of the House. The late Mr. C. Achyutha Menon was one of those stalwarts who were associated with the making of modern Cochin. There are, I know, Hon'ble Members in the House who can speak with greater experience and greater appreciation of the services he rendered to Cochin as one of its most distinguished servants. I came to know him only after his retirement from Government service, but ever since I began to know him I had always the greatest admiration for his gentlemanly manners, his sincerety of purpose and the fulness and variety of information he possessed on matters relating to the State. He came of a very old, and illustrious family in Trichur and was one of those who took early to English Education in the State. He had a brilliant scholastic career attaining very high proficiency equally in English, Malayalam and Sanskrit. He was the Palace Tutor for some time and was for long connected with the Education Department but later he made his mark in the administration as Secretary to the Diwan, being known thereafter as Secretary Achyutha Menon. He

LIBRARY ARCHIVES Kerala Legislative Assembly

was connected with various departmental activities and the Cochin State Manual compiled by him towards the end of his career will ever remain a monument of his literary and historical gifts. It is only fitting that we should pay our respects to such a distinguished public servant of the State.

* **Dr. A. R. Menon** *(Pallippuram)*.—Sir, I also rise to associate myself with the sentiments expressed in this resolution. Mr. Achyutha Menon was a distinguished and prominent member of this Council when it was first inaugurated. He was not only the foremost member but he was also the depository of all information and it was the custom of the members of this House to refer to him in all matters at all times. He has taken a very keen interest in the work of this Council. It has been my misfortune not to see eye to eye with him on many questions and many a contest has taken place here between him and myself. But it is a matter of great gratification that whatever may be the difference of opinion and the consequent heat that may have been introduced into the discussion, he showed very great forbearance and forgot whatever unpleasantness that took place here. The report of the Retrenchment Committee was wholly written by himself and it is one of the best reports of its kind for which any Government could be proud. He is well-known not only inside the State but his reputation has reached even all over the Presidency. He was a tower of strength in all our undertakings and during the close of his career as a non-official his contribution was certainly by no means negligible. In all our activities in Trichur he has taken a keen interest and exhibited remarkable courage. His memory and his brain power is something we wonder at. His great age did not at all decrease the keenness of his intellect. Even on his death bed he was taking a prominent part in public affairs and he was giving us guidance as to what we should do or should not do. Sir, we are very much grieved to hear of the loss of so distinguished a citizen and perhaps one of the oldest and ablest subjects of His Highness the Maharaja of Cochin and we tender our deepest homage to the memory of that illustrious public servant who has passed away from our midst.

മിസ്റ്റർ പി. രാമൻമേനോൻ *(Mulakunnathukavu)*.— സർ, പരേതനായ സി. പി. അച്യുതമേനവന്റെ നിര്യാണത്തിൽ വ്യസനിക്കുന്നതിനായി അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തിൽ ഞാനും പങ്കുകൊള്ളുന്നു. എനിക്കും ഈ കാര്യത്തിൽ വ്യസനിക്കുന്നതിനു പ്രത്യേകിച്ചു ഒരു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ബാദ്ധ്യതയുണ്ടെന്നാണ് എന്റെ വിശ്വാസം. ഈ നിയമസഭയുടെ ആവിർഭാവ കാലത്തു് മുളങ്കുന്നത്തുകാവു നിയോജകമണ്ഡലത്തെ ഒന്നാമതായി പ്രതിനിധീകരിച്ച മെമ്പർ സി. പി. അച്യുതമേനവനായിരുന്നു. അദ്ദേഹത്തിന്റെ പാദരേണുക്കളാൽ പരിശുദ്ധമാക്കപ്പെട്ട ആ നിയോജകമണ്ഡലത്തെ ഇപ്പോൾ പ്രതിനിധീകരിക്കുന്നതിനുള്ള നിർഭാഗ്യമോ ഭാഗ്യമോ ഉണ്ടായ എനിക്കു് ആ പരിശുദ്ധസ്ഥാനത്തെ അശുദ്ധപ്പെടുത്തിയ കഥയില്ലായ്മക്കു് അദ്ദേഹത്തിന്റെ നിര്യാണത്തിലുള്ള വ്യസനത്തെ സൂചിപ്പിക്കുന്ന പ്രമേയം അവതരിപ്പിച്ചിരിക്കുന്ന ഈ അവസരത്തിൽ, അദ്ദേഹത്തിന്റെ ഗുണഗണങ്ങളെപ്പറ്റി പ്രസംഗിക്കുന്നതിനും അങ്ങിനെ ഒരു പ്രായശ്ചിത്തം ചെയ്യുന്നതിനും ഞാൻ ബാദ്ധ്യസ്ഥൻക്രൂടിയാണെന്നാണു വിശ്വസിക്കുന്നതു്. അദ്ദേഹത്തിന്റെ മരണവാർത്ത കേട്ടപ്പോൾ അദ്ദേഹം വയോവൃദ്ധനായിരുന്നാലും ഒരു ചെറുപ്പക്കാരന്റെ മരണവാർത്തയേക്കാൾ എന്നെ പരിഭ്രമചിത്തനാക്കിത്തീർത്തു. അദ്ദേഹത്തിന്റെ ഉദ്യോഗജീവിതം വളരെ പ്രശസ്തമായ നിലയിലാണു കഴിച്ചുക്രൂട്ടിയതു്. മരണം എല്ലാവർക്കും ഉള്ളതാണെങ്കിലും അദ്ദേഹത്തിന്നു മരിക്കാനുള്ള പ്രായമായിരുന്നാലും ആ ചരമവൃത്താന്തം തപ്തഹൃദയത്തോടുക്രൂടിയല്ലാതെ കേൾക്കാവുന്നതല്ല. അദ്ദേഹത്തിന്റെ മരണകാര്യത്തിൽ വളരെ വ്യസനിക്കുന്നതിനു ഇന്നു പ്രത്യേകിച്ചും ഒരു കാരണമുണ്ടു്. നായർസമുദായത്തിന്റെ ഭാവിയെ സ്പർശിക്കുന്നതായ ഏറ്റവും ഗൗരവതരമായ ഒരു നിയമം അത്യുത്സാഹത്തോടുക്രൂടി വളരെ തീവ്രമായ വാദപ്രതിവാദത്തിനു എടുത്തിരിക്കുന്ന ഒരു അവസരത്തിൽ നായർ സമുദായത്തെ മരുമക്കത്തായത്തിൽനിന്നു മക്കത്തായത്തിലേക്കു മറിച്ചിടുന്നതിനു വളരെ ആവേശത്തോടുക്രൂടി, എന്റെ മാന്യ സ്നേഹിതന്മാർ വീറോടുക്രൂടി വാദിക്കുന്ന ഒരവസരത്തിൽ, ആ നായർസമുദായത്തിലെ ഏറ്റവും പ്രശസ്തനായ ഒരു ആദർശപുരുഷൻ അന്തരിച്ചു എന്ന വർത്തമാനം എന്നെ ഏതെല്ലാം തരത്തിലുള്ള വികാരങ്ങൾക്കാണു് അടിമപ്പെടുത്തിയിരിക്കുന്നതെന്നു പറയുവാൻ പ്രയാസം. ദിവാൻ ശങ്കുണ്ണിമേനോൻ, കൊച്ചുഗോവിന്ദമേനോൻ മുതലായ പണ്ടത്തെ നായർ പുംഗവന്മാരുടെ പ്രശസ്ത പരമ്പരയിലെ ഏതാണ്ടു അവശേഷിച്ച ഒരു മഹാനായിരുന്ന പരേതനായ സി. പി. അച്യുതമേനോൻ അവർകൾ.

ഉദ്യോഗസ്ഥ ലോകത്തിൽ അദ്ദേഹം സമ്പാദിച്ചിരിക്കുന്ന പ്രശസ്തമായ സ്ഥാനത്തെ സംബന്ധിച്ചിടത്തോളം എനിക്കു കേട്ടുകേൾവിയല്ലാതെ നേരിട്ടുള്ള അറിവില്ല. അതിനാൽ ആ ഭാഗത്തെ ഗാഢമായി പരാമർശിക്കുന്നതു് ശരിയായിരിക്കുമെന്നു തോന്നുന്നില്ല. അക്കാലത്തു അദ്ദേഹവുമായി പരിചയപ്പെടുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടില്ല. സി. പി. അച്യുതമേനോനെ കേവലം ഒരു വ്യക്തിയായിട്ടല്ല ഒരു പ്രസ്ഥാനമായിട്ടാണു ഞാൻ കരുതുന്നതു്. അദ്ദേഹം ഏതെല്ലാം തുറകളിലെല്ലാം ഉദ്യോഗസ്ഥനായി വന്നിട്ടുണ്ടോ അവിടെയെല്ലാം അദ്ദേഹത്തിനു പ്രശസ്തമായ അഭിനന്ദനം കിട്ടിയിട്ടുണ്ടു്. അദ്ദേഹം ഇരുന്നിട്ട

LIBRARY ARCHIVES Kerala Legislative Assembly

ള്ള സ്ഥാനത്തു പിന്നീടു വന്നിട്ടുള്ളവരാരുംതന്നെ അത്രപ്പുമായ സങ്കോചത്തോടുകൂടിയല്ലാതെ ആ സ്ഥാനത്തു കയറിയിരുന്നിട്ടില്ല. അദ്ദേഹവുമായി വല്ലതും സംസാരിക്കുവാൻ ഇടവന്നിട്ടുള്ള ആളുകൾക്ക അദ്ദേഹത്തിന്റെ ഉൽകൃഷ്ടമായ ചിന്താസരണി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. അദ്ദേഹം സമ്പാദിച്ചുവെച്ചിട്ടുള്ള ആ സംസ്കാര സമ്പൂർണ്ണമായ മോഹനചിത്രത്തെ ആവശ്യപ്പെടുന്ന ആരേയും അദ്ദേഹം തുറന്നു കാണിച്ചുകൊടുക്കും. എപ്പോഴും ഏതൊരാൾക്കും അദ്ദേഹവുമായിട്ടുള്ള അഭിമുഖസംഭാഷണം കഴിഞ്ഞാൽ കുറെ കൂടുതൽ അറിവോടും മനോവികാസത്തോടും കൂടിയല്ലാതെ വിട്ടുപോകുവാൻ കഴികയില്ല. നടന്നുകൊണ്ടിരിക്കുന്ന ഒരു നിഘണ്ടു, ഒരു വിജ്ഞാനഭണ്ഡാഗാരം എന്നു അദ്ദേഹത്തെപ്പറ്റി പറയാം. അദ്ദേഹത്തിന്നു അറിയാൻ പാടില്ലാത്ത വിഷയങ്ങളില്ല, ആസ്വദിക്കാനാകാത്ത ആശയങ്ങളില്ല. അങ്ങിനെയുള്ള ഒരു മഹാനുഭാവനാണ് നമ്മുടെയിടയിൽ നിന്നും മറഞ്ഞുപോയിരിക്കുന്നതു്. ഇംഗ്ലീഷു വിദ്യാഭ്യാസംകൊണ്ടു മാതൃഭാഷയെ മറക്കുകയും ഇംഗ്ലീഷു പഠിച്ചതുകൊണ്ടു മലയാളത്തിൽ സംസാരിക്കുന്നതും എഴുന്നതുംകൂടി അഭിമാനത്തിന്നും അന്തസ്സിന്നും പോരായ്മയാണു് എന്നു വിചാരിക്കുകയും ചെയ്തിരുന്ന ഒരു കാലത്താണു് അദ്ദേഹത്തിന്നു ഇംഗ്ലീഷു വിദ്യാഭ്യാസം ഉണ്ടായതു്. എന്നാൽ മലയാള സാഹിത്യത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള അനന്യ സുലഭങ്ങളായ പ്രശസ്ത പ്രയത്നങ്ങൾകൊണ്ടു അദ്ദേഹം ഈ വിഷയത്തിൽ ഒരു ആദർശപുരുഷനായിരുന്നു. വിദ്യാവിനോദിനി മാസികയുടെ പത്രാധിപർ എന്നാ നിലയിലും ഓരോ സാഹിത്യ സമ്മേളനങ്ങളിലും അദ്ദേഹം മാതൃഭാഷയ്ക്കു വേണ്ടി വളരെയെല്ലാം കഷ്ടപ്പെട്ടിട്ടുണ്ടു്. ചാത്തുക്കുട്ടി മന്നാടിയാർ മുതലായ അന്നത്തെ സാഹിത്യ സിംഹങ്ങൾക്ക അദ്ദേഹം ബഹുമാന്യനായ ഗുരുഭ്രതൻ തന്നെയായിരുന്നു. മലയാളഭാഷയിൽ പ്രത്യേകമായ ഒരു സാഹിത്യ സരണിയും, സമുൽകൃഷ്ടമായ ഒരു ഗദ്യരീതിയേയും രൂപീകരിച്ചതു ഇദ്ദേഹമാണു്. പുസ്തകവിമർശനത്തിൽ അദ്ദേഹം പ്രഥമനും പ്രധാനിയുമായിരുന്നു. സാഹിത്യ ഗ്രന്ഥങ്ങളെ എങ്ങിനെയാണു് എന്തിനാണു് വിമർശിക്കേണ്ടതു എന്നു് മലയാളലോകത്തിന്നു ഒന്നാമതായി കാണിച്ചുകൊടുത്തിട്ടുള്ള വിമർശകൻ ഇദ്ദേഹമാണു്. അദ്ദേഹം ഉദ്യോഗത്തിൽ ഇരിക്കുന്ന കാലത്തു നല്ല മനസ്സോടുകൂടിയ ഒരു ഉദ്യോഗസ്ഥൻ നമ്മുടെ രാജ്യത്തുണ്ടായിരുന്നില്ല. ഇപ്പോഴുണ്ടോ എന്നു ഞാൻ സംശയിക്കുന്നതു ആരേയും ആക്ഷേപിക്കുവാനല്ല. പഠിപ്പു മാത്രമല്ല, സംസ്കാരമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. അദ്ദേഹം എപ്പോഴും ഒരു വിദ്യാർത്ഥിയുടെ നിലയിലാണു് ജീവിച്ചിരുന്നതു്. അദ്ദേഹത്തിന്റെ ജീവിതം നാമെല്ലാവരും കണ്ടുപഠിക്കേണ്ടതാണു്. അദ്ദേഹം ഒരു മഹാനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ നിർവ്യാജം വ്യസനിക്കയും അദ്ദേഹത്തിന്റെ പാവനാത്മാവിന്നു നിത്യശാന്തിയെ ആശംസിക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. സി. വക്കി (*Ernakulam North*).— സർ, പരേതനായ സി. പി. അച്യുതമേനവന്റെ നിര്യാണത്തിൽ ഉള്ള ദുഃഖത്തെ സൂചിപ്പിക്കുന്നതിനു ഈ സഭയിൽ അവതരിപ്പിച്ച പ്രമേയത്തോടു ഞാനും എന്റെ പാർട്ടിയിലെ മെമ്പർമാരും ഹൃദയപൂർസ്സരം യോജിച്ചു കൊള്ളുന്നു. മിസ്റ്റർ അച്യുതമേനോൻ ഹജൂരിൽ സിക്രട്ടറിയായിരുന്ന കാലത്തും അതിനു ശേഷവും എനിക്കു് അദ്ദേഹത്തോടു നേരിട്ട പരിചയപ്പെടുവാൻ ഇടയായിട്ടുണ്ടു്. അദ്ദേഹത്തെപ്പോലെ കാര്യപ്രാപ്തിയുള്ള ഉദ്യോഗസ്ഥന്മാർ നമ്മുടെ സംസ്ഥാനത്തു് അധികമുണ്ടായിട്ടില്ല. അദ്ദേഹത്തിന്റെ ഗുണങ്ങളെ സംബന്ധിച്ചു രണ്ടു മെമ്പറന്മാർ ഇവിടെ സംസാരിക്കുകയുണ്ടായല്ലൊ. അതിനാൽ ഞാൻ അധികമൊന്നും പറയേണ്ടതില്ല. മലയാള സാഹിത്യത്തിനു വിലയേറിയ സഹായം ചെയ്തിട്ടുള്ള ഒരു മഹാനുഭാവൻ, ബാല്യത്തിൽതന്നെ ഒരു പത്രാധിപരെന്നു നിലയിൽ എത്രയും പ്രശസ്തി സമ്പാദിച്ച ഒരു ഉത്തമ സാഹിത്യകാരനും പത്രപ്രവർത്തകനും നമുക്കു നഷ്ടപ്പെട്ടല്ലോ എന്നുള്ളതാണു എനിക്കുള്ള വ്യസനം. കൊച്ചീ രാജ്യത്തിൽ വളരെ പത്രങ്ങളോ, മാസികകളോ ഇല്ലാതിരുന്ന കാലത്തു് "വിദ്യാവിനോദനി" മാസികയുടെ ആധിപത്യം സ്വീകരിച്ചു സാഹിത്യവിഷയത്തിൽ കൊച്ചിക്കാക്കു അഭിമാനമുണ്ടാക്കിത്തന്ന ഒരു മഹാശയനായിരുന്ന പരേതനായ മിസ്റ്റർ അച്യുതമേനോൻ. ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പർ പറഞ്ഞതുപോലെ അദ്ദേഹം മലയാള ഭാഷയിൽ ഒരു പ്രത്യേക വിമർശനരീതി സൃഷ്ടിച്ച ദേഹമാണു്. എന്റെ ബാല്യകാലത്തിൽ, പത്രലോകത്തോടു ബന്ധപ്പെട്ടിരിക്കുമ്പോൾ മിസ്റ്റർ അച്യുതമേനവന്റെ പേരാണു മലയാള സാഹിത്യകാരന്മാർ വളരെ പുകഴ്ത്തിക്കൊണ്ടിരുന്നതു്. അദ്ദേഹത്തിന്റെ വിമർശനം ഒരു പ്രത്യേക രീതിയിലായിരുന്നു. അദ്ദേഹം കൈരളിയെ ഹൃദയപൂർവ്വം സേവിച്ചിരുന്ന ഒരു നല്ല സാഹിത്യകാരനായിരുന്നു എന്നു് ഇന്നു മലയാളത്തിലുള്ള സകല പണ്ഡിതന്മാരും സമ്മതിക്കാതിരിക്കുകയില്ല. പെൻഷൻ പറ്റിയതിനു ശേഷവും സന്ദർഭോചിതങ്ങളും ചരിത്രസംബന്ധിതങ്ങളുമായ പല രസകരങ്ങളായ ലേഖനങ്ങളും അദ്ദേഹം എഴുതിക്കൊണ്ടിരുന്നു എന്നു നിങ്ങളെല്ലാവരും ഓർമ്മിക്കുമല്ലൊ. അദ്ദേഹത്തിനു പത്രപ്രവർത്തനത്തോടു വളരെ അനുഭാവമുണ്ടായിരുന്നു. "സത്യനാദം" പത്രത്തിനു അദ്ദേഹം പല സഹായങ്ങളും ചെയ്തിട്ടുള്ള വിവരവും കൃതജ്ഞതാപൂർസ്സരം പ്രസ്താവിക്കാൻ ഞാൻ ഈ അവസരത്തെ വിനിയോഗിച്ചുകൊള്ളുന്നു. സമർത്ഥനായ ഒരു ഉദ്യോഗസ്ഥൻ, ഒന്നാംതരം ഒരു ഇംഗ്ലീഷ് ഗദ്യകൃത്തു്, സുസമ്മതനായ ഒരു ഭാഷാപണ്ഡിതൻ, പേരെടുത്ത ഒരു ചരിത്രകാരൻ എന്നിങ്ങനെ പല നിലയിലും കൊച്ചീക്കാരുടെ ഒരു അഭിമാനസ്തംഭമായി പരിലസിച്ചിരുന്ന മിസ്റ്റർ അച്യുതമേനവന്റെ നിര്യാണത്തിൽ അനുശോചിക്കുവാനായി ഇവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തേയും അഭിപ്രായപ്രകടനങ്ങളേയും ഞാൻ നിർവ്യാജമായി പിൻതാങ്ങുകയും ഈ അത്യാഹിതത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

എനിക്കും എന്റെ പാർട്ടിക്കുമുള്ള അപാരമായ ദുഃഖത്തെ പ്രകാശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

* **Mr. P. Kumaran Ezhuthassan** *(Wadakkancherri).*—Sir, we are very much grieved at the loss of so illustrious a son of Cochin. I have not the good fortune to know the departed in his early days. But my contact with the late Mr. Achyutha Menon for the last 15 years has done me immense good in many ways. His readiness to give advice when sought, his feelings of friendship with all persons who seek his advice are some of his characteristics. I have been told by persons who knew him as a Government servant that his fairmindedness and strict impartiality was the cause of his success as an officer of the State. Mr. Achyutha Menon was known to Cochinites as a very able officer, as a poet and as an able writer in Malayalam as well as in English. He belongs to a class of writers who are fast dying out to-day. It is the loss of such an illustrious personage that we mourn today and I associate myself on behalf of my party and myself with all the sentiments that have been expressed here.

Deputy President.—I also wish to associate myself with the sentiments expressed here. I request the Hon'ble Members of this House to pass this resolution standing.

Resolution was put and carried, the whole House standing.

The Cochin Nair Regulation Amendment Bill (resumed).

Deputy President.—Now we shall continue discussion on the Nair Regulation Amendment Bill.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— സർ, നായർ ബില്ലിനെ സംബന്ധിച്ചു ഇവിടെ വന്നിട്ടുള്ള ഈ ഭേഗതിയെപ്പറ്റി സംസാരിക്കുവാൻ ആ സമുദായത്തിൽപ്പെട്ട, നിയമ പരിജ്ഞാനവും സംസ്കാരവുമുള്ള അനേകം സാമാജികന്മാർ ഇവിടെയുള്ളപ്പോൾ അതേവിഷയത്തെ പ്രസ്താവിച്ചു അന്യസമുദായക്കാരായ എന്നേപ്പോലെയുള്ളവർ ഒരഭിപ്രായം പറയുന്നതു ഒരുപക്ഷെ ശരിയല്ലെന്നു വന്നേക്കാം. എന്നാൽ നായർ സമുദായത്തിന്റെ സാമ്പത്തിക നിലയെക്കൂടി ബാധിക്കുന്ന ഈ ഭേഗതിയെപ്പറ്റി മറ്റുള്ളവർ മൌനം ദീക്ഷിക്കുന്നതായാൽ നായർ സമുദായവുമായി വ്യാപാരസംബന്ധമായും മറ്റും പലവിധത്തിൽ ബന്ധപ്പെട്ടു കിടക്കുന്നവർക്കു കായ്മായ ദോഷം സംഭവിക്കുവാൻ ഇടയുണ്ടെന്നുള്ള

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly